പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 68 — 12.12.2012-ൽ മറുപടിക്ക്

## അമ്മയും കുഞ്ഞും സുരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. എ. മാധവൻ :<br>,, ജോസഫ് വാഴക്കൻ :<br>,, ഹൈബി ഈഡൻ :<br>,, സണ്ണി ജോസഫ് : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) അമ്മയും കുഞ്ഞും സുരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (എ) ഗർഭിണികളുടേയും അസുഖ ബാധിതരായ നവജാത ശിശുക്കളുടേയും സംരക്ഷണത്തിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതിയാണ് മാതൃശിശു സംരക്ഷണ പരിപാടി. |
| (ബി) നവജാത ശിശുക്കൾക്കും മാതാക്കൾക്കും ചികിത്സ ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സൗജന്യമരുന്നും മറ്റു പരിശോധനാ /ചികിത്സാ സൗകര്യങ്ങളും, സൗജന്യ പരിശോധന, വീട്ടിൽ നിന്നും ആരോഗ്യ സ്ഥാപനങ്ങളിലേക്കും, റഫറൽ ചികിത്സാർത്ഥം മറ്റ് ആശുപത്രികളിലേക്കും തിരിച്ച് വീട്ടിലേക്കുമുള്ള സൗജന്യയാത്ര എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഈ പദ്ധതിക്ക് ലഭിക്കുന്നത് ; | (സി) സൗജന്യ പ്രസവചികിത്സയും സിസേറിയൻ ശസ്ത്രക്രിയയും, സൗജന്യ മരുന്നുകളും മറ്റു ചികിത്സാ ചെലവുകളും, സൗജന്യ പരിശോധനകൾ, സാധാരണ പ്രസവത്തിന് മൂന്നു ദിവസവും സിസേറിയൻ ശസ്ത്രക്രിയക്ക് 7 ദിവസവും സൗജന്യ താമസവും ഭക്ഷണവും (പേ വാർഡ് ഉപയോഗിച്ചാൽ വാടക ഇതിൽ പെടുന്നില്ല), രക്തം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ സൗജന്യമായി രക്തം, പ്രസവത്തിനായി വീട്ടിൽ നിന്നും ആരോഗ്യ സ്ഥാപനങ്ങളിലേക്കും പ്രസവാനന്തരം വീട്ടിലേക്കും, റഫർ ചെയ്യുകയാണെങ്കിൽ റഫറൽ |

(...2)

| | | |
|---|---|---|
| | | ആശുപത്രികളിലേക്കും സൗജന്യ യാത്രാ സൗകര്യം, എല്ലാത്തരം ആശുപത്രി സംബന്ധമായ ചെലവുകളും (ഒ.പി. ടിക്കറ്റ് ചാർജ് ഉൾപ്പെടെ) ഒഴിവാക്കുന്നു. എല്ലാത്തരം പ്രസവ ചെലവുകളും സൗജന്യമാക്കൽ, പ്രസവാനന്തരം 42 ദിവസം വരെയുള്ള ചികിത്സാച്ചെലവുകൾ സൗജന്യം എന്നി കേന്ദ്ര സഹായങ്ങളാണ് ഈ പദ്ധതിക്ക് ലഭിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കാൻ കേന്ദ്ര ആരോഗ്യമന്ത്രാലയം 23.44 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് ? | (ഡി) എൻ.ആർ.എച്ച്.എം മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ